Kerala Gazette No. 13 dated 29th March 1960.
PART I

1960-ലെ 1-ാം നമ്പർ എൽ. എ. ബിൽ

പരസ്യം.

നമ്പർ 745/എൽ. എ. 4/60.

അസംബ്ലിയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 73-ാം ചട്ടപ്രകാരം താഴെപ്പറയുന്ന ബിൽ ഉദ്ദേശകാരണങ്ങളുടെ വിവരണത്തോടുകൂടി സ്പീക്കറുടെ ആജ്ഞാനുസരണം പ്രസിദ്ധപ്പെടുത്തുന്നു.

ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ്,
1960 മാർച്ച് 12-ാംതീയതി.

ഡി. തിരുവെങ്കടസുബ്ബയ്യർ,
സെക്രട്ടറി,
ലെജിസ്ലേറ്റീവ് അസംബ്ലി.

1960-ലെ കേരള കുടിയൊഴിപ്പിക്കൽ നടപടി നിറുത്തിവയ്ക്കൽ (ഭേദഗതി) ബിൽ.

1957-ലെ കേരള കുടിയൊഴിപ്പിക്കൽ നടപടി നിറുത്തിവയ്ക്കൽ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള ബിൽ.

പീഠിക.—1957-ലെ കേരള കുടിയൊഴിപ്പിക്കൽ നടപടി നിറുത്തിവയ്ക്കൽ ആക്റ്റ്, ഇതിനു ശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ,

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ പതിനൊന്നാം വർഷത്തിൽ താഴെ കാണും പ്രകാരം നിയമമുണ്ടാക്കിയിരിക്കുന്നു:—

1. ചുരുക്കപ്പേരും ആരംഭവും.—(1) ഈ ആക്റ്റിന് 1960-ലെ കേരള കുടിയൊഴിപ്പിക്കൽ നടപടി നിറുത്തിവയ്ക്കൽ (ഭേദഗതി) ആക്റ്റ് എന്ന പേർ പറയാം.

(2) ഇത് ഉടൻ നടപ്പിൽ വരുന്നതാണ്.

2. 1-ാം വകുപ്പിന്റെ ഭേദഗതി.—ഇതിനു ശേഷം പ്രധാന ആക്റ്റ് എന്നു പറയപ്പെടുന്ന, 1957-ലെ കേരള കുടിയൊഴിപ്പിക്കൽ നടപടി നിറുത്തിവയ്ക്കൽ ആക്റ്റ് (1957-ലെ 1-ാം ആക്റ്റ്) 1-ാം വകുപ്പ്, (3)-ാം ഉപവകുപ്പിൽ "1960 ഏപ്രിൽ 11-ാംതീയതി" എന്നതിനു പകരം, "1960 അക്റ്റോബർ 11-ാംതീയതി" എന്നു ചേർക്കണം.

3. 2-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റ് 2-ാം വകുപ്പിൽ (1)-ാം ഖണ്ഡത്തോടു ചേർത്ത ക്ലിപ്തനിബന്ധനയ്ക്കു പകരം, താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കണം.

അതായത്—

"എന്നാൽ—

(എ) 1929-ലെ മലബാർ കുടിയായ്മ ആക്റ്റ് നടപ്പിലിരിക്കുന്ന ഏതെങ്കിലും സംസ്ഥാനവിഭാഗത്ത് സ്ഥിതിചെയ്യുന്ന ഏതെങ്കിലും സ്ഥാവരവസ്തുവെ സംബന്ധിച്ചിടത്തോളം "കൈവശക്കുടി" എന്നതിന് ആ ആക്റ്റിൽ അതിനു നൽകിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതും;

(ബി) 1929-ലെ മലബാർ കുടിയായ്മ ആക്റ്റ് നടപ്പിലില്ലാത്ത കാസർഗോഡ് താലൂക്കിന്റെയോ ഹോസ്ദുർഗ്ഗ് താലൂക്കിന്റെയോ ഏതെങ്കിലും ഭാഗത്ത് സ്ഥിതിചെയ്യുന്ന ഏതെങ്കിലും സ്ഥാവരവസ്തുവെ സംബന്ധിച്ചിടത്തോളം, "കൈവശക്കുടി" എന്നതിന് കർഷകകുടിയാൻ കൈവശം വച്ചിരിക്കുന്ന ഭൂമിയുടെ ബന്ധമോ ബന്ധങ്ങളോ എന്നർത്ഥമാകുന്നതുമാണ്."

ഉദ്ദേശകാരണങ്ങളുടെ വിവരണം.—1957-ലെ കേരള കുടിയൊഴിപ്പിക്കൽ നടപടി നിറുത്തിവയ്ക്കൽ ആക്റ്റിന്റെ പ്രവർത്തനകാലം 1960 ഏപ്രിൽ 11-ാം തീയതി അവസാനിക്കുന്നതാണ്. കുടിയായ്മയും കൃഷിപ്പാട്ടങ്ങളും സംബന്ധിച്ച് സമഗ്രമായ ഒരു നിയമനിർമ്മാണം ഉണ്ടാകുന്നതുവരെ കുടിയാന്മാർ, കുടികിടപ്പുകാർ, വാരംദാർമാർ ഇത്യാദിയവർക്ക് ചില ആനുകൂല്യങ്ങൾ നൽകുവാൻ ഈ ആക്റ്റ് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കഴിഞ്ഞ നിയമസഭ പാസ്സാക്കിയ കേരള കാർഷികബന്ധബില്ലിന് രാഷ്ട്രപതിയുടെ അനുമതി ഇതുവരെയും കിട്ടിയിട്ടില്ല. അത് 1960 ഏപ്രിൽ 11-ാം തീയതിക്കു മുമ്പ് നിയമമായിത്തീരുമോ എന്ന കാര്യം സംശയമാണ്. അതുകൊണ്ട് കുടിയൊഴിപ്പിക്കൽ നടപടി നിറുത്തിവയ്ക്കൽ ആക്റ്റിന്റെ കാലാവധി 1960 ഒക്ടോബർ 11-ാം തീയതി വരെ നീട്ടുന്നതിന് ഉദ്ദേശിച്ചിരിക്കുന്നു.

2. ഇക്കാര്യത്തിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ ബിൽ. 2 (1)-ാം വകുപ്പിൽ കാണുന്ന കൈവശഭൂമി എന്നതിന്റെ നിർവ്വചനത്തോടുള്ള ക്ലിപ്തനിബന്ധന പകരം ചേർത്തു, നിയമം ഭേദഗതി ചെയ്യണമെന്നുള്ള ഉദ്ദേശത്തിലല്ല; ഹോസ്ദുർഗ്ഗും കാസർകോടും പ്രദേശങ്ങളിൽ നിലവിലിരുന്ന മദ്രാസ് കർഷക കുടിയാൻ സംരക്ഷണ ആക്റ്റ് അവിടെ നിലവിലില്ലാതായതുകൊണ്ടും, ആ നിയമം സംബന്ധിച്ചിടത്തോളം "കൈവശഭൂമി" എന്നതിന്റെ ഇപ്പോഴത്തെ നിർവ്വചനം തികച്ചും ശരിയാകാതിരിക്കുന്നതുകൊണ്ടും എഴുത്തിലുള്ള മാറ്റം മാത്രമാണ് അതു ചെയ്തിരിക്കുന്നത്. ആ പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം കൈവശഭൂമി എന്നതിന്റെ പുതിയ നിർവ്വചനം ആ ആക്റ്റിലെ നിർവ്വചനത്തിന്റെ പകർത്തെഴുത്തു മാത്രമാകുന്നു.

കെ. ചന്ദ്രശേഖരൻ.

(A true translation)

P. DAMODARAN NAIR,
Head Translator.

Kerala Gazette No. 13 dated 29th March 1960.

PART II

1960-ലെ 3-ാം നമ്പർ എൽ. എ. ബിൽ.

പരസ്യം.

നമ്പർ 800/എൽ. എ. 4/60. 1960 മാർച്ച് 14.

നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 73-ാം ചട്ടപ്രകാരം താഴെ പറയുന്ന ബിൽ ഉദ്ദേശകാരണങ്ങളുടെ വിവരണത്തോടുകൂടി, സ്പീക്കറുടെ ആജ്ഞാനുസരണം പ്രസിദ്ധപ്പെടുത്തുന്നു.

നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

ഡി. തിരുമല അയ്യങ്കാർ,
നിയമസഭാ സെക്രട്ടറി.

1960-ലെ തിരുവിതാംകൂർ ടൌൺപ്ലാനിംഗ് (ഭേദഗതി) ബിൽ.

തിരുവിതാംകൂർ ടൌൺപ്ലാനിംഗ് ആക്ററ് ഭേദഗതി ചെയ്യുവാനുള്ള ബിൽ.

പീഠിക.— തിരുവിതാംകൂർ ടൌൺ പ്ലാനിംഗ് ആക്ററ് ഇതിനു മേലാൽ കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നതു യുക്തമായിരിക്കയാൽ, ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ പതിനൊന്നാം വർഷത്തിൽ താഴെ പറയുന്ന പ്രകാരം നിയമമുണ്ടാക്കിയിരിക്കുന്നു:—

1. ചുരുക്കപ്പേരും ആരംഭവും.—

(1) ഈ ആക്ററിനു 1960-ലെ തിരുവിതാംകൂർ ടൌൺപ്ലാനിംഗ് (ഭേദഗതി) ആക്ററ് എന്നു പേർ പറയാം.

(2) ഇതു ഉടൻതന്നെ നടപ്പിൽ വരുന്നതാണ്.

2. 1-ാം വകുപ്പിന്റെ ഭേദഗതി.— തിരുവിതാംകൂർ ടൌൺപ്ലാനിംഗ് ആക്ററ് (1108-ലെ 4-ാം ആക്ററ്) —(ഇതിനുശേഷം പ്രധാന ആക്ററ് എന്നാണ് പറയപ്പെടുക)—1-ാം വകുപ്പിൽ—

(എ) 1-ാം ഉപവകുപ്പിൽ 'തിരുവിതാംകൂർ' എന്നതു വിട്ടുകളയണം.

(ബി) 2-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പു ചേർക്കണം, അതായതു്—

"(2) 1956-ലെ സംസ്ഥാനപുനഃസംഘടനാ ആക്ററ് (1956-ലെ 37-ാം കേന്ദ്രആക്ററ്), 5-ാം വകുപ്പ്, 2-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട മലബാർ ജില്ലയൊഴികെ കേരള സംസ്ഥാനത്തിനു മുഴുവൻ ഇതു സംബന്ധിക്കുന്നതാണ്.

എന്നാൽ, ഈ ആക്ററിലെ 7-ാം അദ്ധ്യായം കൊച്ചിക്കു സംബന്ധിപ്പിക്കുമ്പോൾ, ആ അദ്ധ്യായത്തിൽ 1089-ലെ 11-ാം നമ്പർ നിലമെടുപ്പ് ആക്ററിനെപ്പററിയുള്ള പരാമർശങ്ങളെ 1070-ലെ (കൊച്ചി) 2-ാം നമ്പർ നിലമെടുപ്പ് ആക്ററിനെപ്പററിയുള്ള പരാമർശങ്ങളായി വ്യാഖ്യാനിക്കേണ്ടതും, 33-ാം വകുപ്പിൽ 1089-ലെ 11-ാം നമ്പർ നിലമെടുപ്പ് ആക്ററ്, 6-ാം വകുപ്പിനെപ്പററിയുള്ള പരാമർശങ്ങളെ 1070-ലെ (കൊച്ചി) 2-ാം നമ്പർ നിലമെടുപ്പ് ആക്ററ് 5-ാം വകുപ്പിനെപ്പററിയുള്ള പരാമർശങ്ങളായി വ്യാഖ്യാനിക്കേണ്ടതുമാകുന്നു.

3. 2-ാം വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്ററ് 2-ാം വകുപ്പിൽ,—

(എ) 3-ാം ഖണ്ഡത്തിനുശേഷം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കണം, അതായതു്—

"(3 എ) 'തദ്ദേശാധികാരസ്ഥാനം' എന്നതിനു തിരുവനന്തപുരം സിററി കാർപ്പറേഷൻ കൌൺസിൽ എന്നോ, മുനിസിപ്പാലിററി കൌൺസിൽ എന്നോ അർത്ഥമാകുന്നു."

(ബി) 4-ാം ഖണ്ഡത്തിനു പകരം താഴെ പറയുന്ന ഖണ്ഡം ചേർക്കണം, അതായത്:—"(4) 'മുനിസിപ്പാലിറ്റി' എന്നതിനു 1116-ലെ തിരുവനന്തപുരം സിറ്റി മുനിസിപ്പൽ ആക്ടിൽ (1116-ലെ 4-ാം ആക്ട്). നിർവ്വചിച്ചപ്രകാരമുള്ള തിരുവനന്തപുരം നഗരം എന്നോ, 1116-ലെ തിരുവിതാംകൂർ ഡിസ്ട്രിക്ട് മുനിസിപ്പാലിറ്റീസ് ആക്ട് (1116-ലെ 23-ാം ആക്ട്) പ്രകാരമോ, 1113-ലെ കൊച്ചി മുനിസിപ്പൽ ആക്ട് (1113-ലെ 18-ാം ആക്ട്) പ്രകാരമോ സ്ഥാപിക്കപ്പെട്ട മുനിസിപ്പാലിറ്റി എന്നോ അർത്ഥമാകുന്നു."

4. <u>3-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്ട് 3-ാം വകുപ്പ് (ഒ) എന്ന ഖണ്ഡത്തിൽ "1095-ലെ 5-ാം നമ്പർ തിരുവിതാംകൂർ മുനിസിപ്പൽ ആക്ടിലോ, അല്ലെങ്കിൽ മേല്പറഞ്ഞ ആക്ട്പ്രകാരം ഉണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടത്തിലോ ഉപനിയമത്തിലോ" എന്നതിനു പകരം താഴെപ്പറയുന്നതു് ചേർക്കണം, അതായത്:—"1116-ലെ 4-ാം നമ്പർ തിരുവനന്തപുരം സിറ്റി മുനിസിപ്പൽ ആക്ടിലോ, 1116-ലെ തിരുവിതാംകൂർ ഡിസ്ട്രിക്ട് മുനിസിപ്പാലിറ്റി ആക്ടിലോ, 1113-ലെ 18-ാം നമ്പർ കൊച്ചി മുനിസിപ്പൽ ആക്ടിലോ അല്ലെങ്കിൽ മേല്പറഞ്ഞ ആക്ടുകളിൽ ഏതെങ്കിലും ഒരു ആക്ട്പ്രകാരം ഉണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടത്തിലോ, ഉപനിയമത്തിലോ"

5. <u>5-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്ട്, 5-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ "തിരുവിതാംകൂർ" എന്നതു വിട്ടുകളയണം.

6. <u>25-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്ട് 25-ാം വകുപ്പ് 3-ാം ഉപവകുപ്പിൽ "1089-ലെ 11-ാം നമ്പർ നിലമെടുപ്പ് ആക്ട്" എന്നതിനു പകരം "അതതു സംഗതിപോലെ 1089-ലെ 11-ാം നമ്പർ നിലമെടുപ്പ് ആക്ടോ അല്ലെങ്കിൽ 1070-ലെ (കൊച്ചി) 2-ാം നമ്പർ നിലമെടുപ്പ് ആക്ടോ എന്നതു ചേർക്കണം."

<u>ഉദ്ദേശകാരണങ്ങളുടെ വിവരണം.</u>— 1108-ലെ 4-ാം ആക്ടായ തിരുവിതാംകൂർ ടൌൺ പ്ലാനിംഗ് ആക്ട് തിരുവിതാംകൂർ പ്രദേശത്തു് നടപ്പിലിരിക്കുകയും, 1920-ലെ മദ്രാസ് ടൌൺ പ്ലാനിംഗ് ആക്ട് (1920-ലെ 7), 1956-ലെ സംസ്ഥാന പുനഃസംഘടനാ ആക്ട് (1956-ലെ 37-ാം കേന്ദ്രആക്ട്) 5 (2) എന്ന വകുപ്പിൽ നിർവ്വചിക്കപ്പെട്ട പ്രകാരമുള്ള മലബാർ ജില്ലയിൽ നടപ്പിലിരിക്കുകയും ചെയ്യുന്നു. സംസ്ഥാനത്തിന്റെ കൊച്ചി വിഭാഗത്തു് ഇതുപോലെയുള്ള ഒരു നിയമം നടപ്പിലില്ല. സംസ്ഥാനവ്യാപകമായി സമഗ്രമായ ഒരു നിയമം ഉണ്ടാകുന്നതുവരെ, തിരുവിതാംകൂർ ടൌൺ പ്ലാനിംഗ് ആക്ട് കൊച്ചി വിഭാഗത്തിനു സംബന്ധിപ്പിക്കുന്നതു ആവശ്യമാണെന്നു കരുതുന്നു. ഈ ലക്ഷ്യം നിറവേറ്റുവാനാണു് പ്രസ്തുത ബിൽ കൊണ്ടുദ്ദേശിക്കുന്നതു്.

വി. കെ. വേലപ്പൻ

(A true translation)

P. DAMODARAN NAIR,
Head Translator.

Kerala Gazette No. 13 dated 29th March 1960.
PART II

ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ്.

പരസ്യം.

നമ്പർ 809/എൽ. എ. 4/60. തിരുവനന്തപുരം, 1960 മാർച്ച് 15.

അസംബ്ലിയുടെ നടപടിക്രമവും, കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 73-ാം ചട്ടപ്രകാരം താഴെപ്പറയുന്ന ബിൽ ഉദ്ദേശകാരണങ്ങളുടെ വിവരണത്തോടും, ധനകാര്യമെമ്മോറാണ്ടത്തോടുംകൂടി സ്പീക്കറുടെ ആജ്ഞാനുസരണം പ്രസിദ്ധപ്പെടുത്തുന്നു.

ഡി. തിരുമല അയ്യങ്കാർ,
സെക്രട്ടറി,
ലെജിസ്ലേറ്റീവ് അസംബ്ലി

1960-ലെ 5-ാം നമ്പർ എൽ. എ. ബിൽ.

ശമ്പളവും അലവൻസും നൽകുന്നതു സംബന്ധിച്ച
1960-ലെ (ഭേദഗതി) ബിൽ.

ശമ്പളവും അലവൻസും നൽകുന്നതു സംബന്ധിച്ച 1951-ലെ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള ബിൽ.

പീഠിക.—ശമ്പളവും അലവൻസും നൽകുന്നതു സംബന്ധിച്ച 1951-ലെ ആക്റ്റ്, ഇതിനു ശേഷം കാണുന്ന ആവശ്യങ്ങൾക്കായി, വീണ്ടും ഭേദഗതി ചെയ്യുന്നതു യുക്തമായിരിക്കയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ പതിനൊന്നാം വർഷത്തിൽ താഴെ കാണും പ്രകാരം നിയമമുണ്ടാക്കിയിരിക്കുന്നു:—

2. ചുരുക്കപ്പേരും ആരംഭവും.—(1) ഈ ആക്റ്റിനു ശമ്പളവും അലവൻസും നൽകുന്നതു സംബന്ധിച്ച 1960-ലെ (ഭേദഗതി) ആക്റ്റ് എന്നു പേർ പറയാം.

(2) ഇതു 1960 ഫെബ്രുവരി 22-ാം തീയതി നടപ്പിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 3-ാം വകുപ്പിന്റെ ഭേദഗതി.—ഇതിനു ശേഷം പ്രധാന ആക്റ്റ് എന്നു പറയപ്പെടുന്ന, ശമ്പളവും അലവൻസും നൽകുന്നതു സംബന്ധിച്ച 1951-ലെ ആക്റ്റ്, 3-ാം വകുപ്പിൽ, "അഞ്ഞൂറു രൂപ" എന്നു കാണുന്ന ഒരു സ്ഥലത്തും, അതിനു പകരം "എണ്ണൂറു രൂപ" എന്നു ചേർക്കണം.

3. 4-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റ്, 4-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ, "അഞ്ഞൂറു രൂപ" എന്നു കാണുന്ന ഒരു സ്ഥലത്തും, അതിനു പകരം "എണ്ണൂറു രൂപ" എന്നു ചേർക്കണം;

(ii) (2)-ാം ഉപവകുപ്പിൽ, "ഇരുന്നൂറ്റിഅൻപതു രൂപ" എന്നു കാണുന്ന ഒരു സ്ഥലത്തും അതിനു പകരം "നാനൂറു രൂപ" എന്നു ചേർക്കണം.

4. 8-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റ് 8-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പ് (എ) എന്ന ഖണ്ഡത്തിൽ, "മുന്നൂറ്റിഅമ്പതു രൂപ" എന്നതിനു പകരം "ഇരുനൂറു രൂപ" എന്നു ചേർക്കണം.

5. പട്ടികയുടെ ഭേദഗതി.—പ്രധാന ആക്റ്റിനോടു ചേർത്ത പട്ടികയിൽ,—

(i) "I. മന്ത്രിമാരും സ്പീക്കറും" എന്ന ശീർഷകത്തിൻകീഴിൽ, (1)-ാം ഖണ്ഡം (സി) എന്ന ഉപഖണ്ഡത്തിൽ, "ഷെവർലെ തരം [illegible]" എന്നതിനു പകരം "ഷെവർലെ പോലുള്ള [illegible]" എന്നു ചേർക്കണം;

(ii) "III. നിയമസഭാംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ,—

(എ) "തീവണ്ടിമാർഗ്ഗമായുള്ള യാത്ര" എന്ന കുറിപ്പിനു നേരെ കാണുന്ന "ഒരു മൈലിനു രണ്ടണ" എന്നതിനു പകരം "പന്ത്രണ്ടു നയാപൈസ" എന്നു ചേർക്കണം.

(ബി) "റോഡുമാർഗ്ഗമായുള്ള യാത്ര" എന്ന കുറിപ്പിനു നേരെ കാണുന്ന "ഒരു മൈലിനു എട്ടണ" എന്നതിനു പകരം "ഒരു മൈലിനു അമ്പതു നയാപൈസ" എന്നു ചേർക്കണം.

ഉദ്ദേശകാരണങ്ങളുടെ വിവരണം.

ശമ്പളവും അലവൻസും നൽകുന്നതു സംബന്ധിച്ച 1951-ലെ ആക്ടു പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള മന്ത്രിമാരുടെയും, സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും ശമ്പളവും, നിയമസഭാംഗങ്ങളുടെ സ്ഥിരം അലവൻസും പര്യാപ്തമല്ലെന്നു കാണുന്നു. അതുകൊണ്ടു മന്ത്രിമാരുടെയും സ്പീക്കറുടെയും പ്രതിമാസശമ്പളം 800 രൂപയായും, ഡെപ്യൂട്ടി സ്പീക്കറുടെ പ്രതിമാസശമ്പളം 400 രൂപയായും, അസംബ്ലി അംഗങ്ങളുടെ പ്രതിമാസ സ്ഥിരം അലവൻസു 200 രൂപയായും വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു. തീവണ്ടിമാർഗ്ഗമായുള്ള യാത്രയിൽ യാത്രപ്പടിക്കായി നേരിടുന്ന ചെലവിനെ സംബന്ധിച്ചിടത്തോളം നിലവിലുള്ള വ്യവസ്ഥകളനുസരിച്ചു, അംഗങ്ങൾക്കു മൈലൊന്നിനു രണ്ടണ കിട്ടാൻ അർഹതയുള്ളപ്പോൾ മന്ത്രിമാർക്കും സ്പീക്കർക്കും മൈലൊന്നിനു ആറു നയാപൈസ മാത്രമേ കിട്ടാൻ അർഹതയുള്ളു. ഇതൊരു ക്രമക്കേടാണു. അതുകൊണ്ടു അംഗങ്ങൾക്കുള്ള അതേ നിരക്കിലുള്ള യാത്രപ്പടിച്ചെലവുകൾക്കു വ്യവസ്ഥ ചെയ്തുകൊണ്ടു ഈ ക്രമക്കേടു നീക്കം ചെയ്യാനുദ്ദേശിക്കുന്നു.

മേല്പറഞ്ഞ ആവശ്യങ്ങൾക്കുദ്ദേശിച്ചിട്ടുള്ളതാണു ഈ ബിൽ. "അണ" യായി പറഞ്ഞിട്ടുള്ളതെല്ലാം പുതിയ നാണയമായി പറയുവാനും ഈ അവസരം ഉപയോഗിച്ചിരിക്കുന്നു.

ധനകാര്യ മെമ്മോറാണ്ടം.

ഈ ബില്ലിലെ നിർദ്ദേശംകൊണ്ടു സംസ്ഥാനത്തെ സഞ്ചിതനിധിയിൽനിന്നു അധികച്ചെലവു ഉണ്ടാകുന്നതാണു. ആകെയുള്ള അധികച്ചെലവു താഴെ കാണിച്ചിട്ടുള്ള പ്രകാരം, 1,17,240 രൂപ വരെ വരുന്നതാണു:

	പ്രതിവർഷം രൂപ
1. മന്ത്രിമാരുടെ പ്രതിമാസശമ്പളം 500 രൂപ എന്നതു 800 രൂപയായി വർദ്ധിപ്പിച്ചതിനു	39,600
2. സ്പീക്കറുടെ ശമ്പളം 500 രൂപ എന്നതു 800 രൂപയായി വർദ്ധിപ്പിച്ചതിനു	3,600
3. ഡെപ്യൂട്ടി സ്പീക്കറുടെ ശമ്പളം 250 രൂപ എന്നതു 400 രൂപയായി വർദ്ധിപ്പിച്ചതിനു	1,800
4. എം. എൽ. എ. മാരുടെ പ്രതിമാസ അലവൻസു 150 രൂപ എന്നതു 200 രൂപയായി വർദ്ധിപ്പിച്ചതിനു	68,400
5 മന്ത്രിമാരുടെയും, സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും ഡി. എ. വർദ്ധിപ്പിച്ചതിനു	3,840
ആകെ	1,17,240

മന്ത്രിമാരുടെ യാത്രകൾക്കുള്ള യാത്രപ്പടിച്ചെലവു സംബന്ധിച്ചു മൈലിനു ആറു നയാപൈസ വർദ്ധിപ്പിച്ചതുമൂലമുള്ള ചെലവു ഈ കണക്കിൽ പെടുന്നില്ല.

പട്ടം എ. താണുപിള്ള.

(A irue translation)

P. DAMODARAN NAIR,
Head Translator.

Kerala Gazette No. 13 dated 29th March 1960.
PART VI

1960-ലെ 4-ാം നമ്പർ ബിൽ.

പരസ്യം

നമ്പർ 808/എൽ. എ. 4/60. തിരുവനന്തപുരം, 1960 മാർച്ച് 15.

നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 73-ാം ചട്ടപ്രകാരം താഴെപ്പറയുന്ന ബിൽ ഉദ്ദേശകാരണങ്ങളുടെ വിവരണത്തോടുകൂടി സ്പീക്കരുടെ ആജ്ഞാനുസരണം പ്രസിദ്ധപ്പെടുത്തുന്നു.

ഡി. തിമ്മപ്പ അള്ളൂകാർ,
നിയമസഭാ സെക്രട്ടറി.

1960-ലെ പൊതു വില്പനനികുതി (ഭേദഗതി) ബിൽ.

1125-ലെ പൊതു വില്പനനികുതി ആക്റ്റ് ഭേദഗതി ചെയ്യുന്നതിനും, ആക്റ്റ്പ്രകാരമുള്ള ചില പരസ്യങ്ങളും, ഉത്തരവുകളും, നടപടികളും സാധുവാക്കുന്നതിനും ഉള്ള ഒരു ബിൽ.

പീഠിക. 1125-ലെ പൊതു വില്പനനികുതി ആക്റ്റ്, ഇതിനുശേഷം കാണുന്ന ആവശ്യത്തിന് ഭേദഗതി ചെയ്യുന്നതും, ആ ആക്റ്റ് പ്രകാരമുള്ള ചില പരസ്യങ്ങളും, ഉത്തരവുകളും, നടപടികളും സാധുവാക്കുന്നതും ആവശ്യമായിരിക്കയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ പതിനൊന്നാം വർഷത്തിൽ താഴെപ്പറയുന്ന പ്രകാരം നിയമമുണ്ടാക്കിയിരിക്കുന്നു:—

1. ചുരുക്കപ്പേര്.—ഈ ആക്റ്റിന് 1960-ലെ പൊതുവില്പനനികുതി (ഭേദഗതി) ആക്റ്റ് എന്ന് പേർ പറയാം.

2. 1125-ലെ 11-ാം ആക്റ്റ്, 5-ാം വകുപ്പിന്റെ ഭേദഗതി.—(1) 1125-ലെ പൊതുവില്പനനികുതി ആക്റ്റ് (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പറയപ്പെടുക), 5-ാം വകുപ്പിൽ, (vii)-ാം ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കണം, അതായത്:—

"(vii) 1-ാം പട്ടികയുടെ (2)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള സാധനങ്ങളുടെ [illegible], തുടർച്ചയായുള്ള വ്യാപാരികൾ നടത്തുന്ന വില്പനയുടെ പരമ്പരയെ സംബന്ധിച്ചിടത്തോളം, ഗസററിൽ പരസ്യംമൂലം ഗവർമെന്റ് പ്രത്യേകം പറയാവുന്ന ഒരൊററ ഘട്ടത്തിൽ മാത്രമേ, 3-ാം വകുപ്പ്, (1)-ാം ഉപവകുപ്പുപ്രകാരം നികുതി ചുമത്തുവാൻ പാടുള്ളു; അപ്രകാരം പറഞ്ഞ നികുതി ചുമത്താവുന്ന ഘട്ടം വില്പനയെ സംബന്ധിച്ച ഒരു ഘട്ടമാണെങ്കിൽ, വില്പനക്കാരൻ, അങ്ങനെയുള്ള ഘട്ടത്തിൽ വിററ സാധനങ്ങളുടെ മൊത്ത വില്പനസംഖ്യയിന്മേൽ നികുതി കൊടുക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും, അങ്ങനെ പറഞ്ഞ നികുതി ചുമത്താവുന്ന ഘട്ടം ക്രയം സംബന്ധിച്ച ഘട്ടമാണെങ്കിൽ ക്രേതാവ് അങ്ങനെയുള്ള ഘട്ടത്തിൽ വാങ്ങിയ സാധനങ്ങളുടെ മൊത്തവില്പനസംഖ്യയിന്മേൽ നികുതി കൊടുപ്പാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്."

(2) (1)-ാം ഉപവകുപ്പുമൂലം വരുത്തുന്ന ഭേദഗതി, 1957 ഒക്ടോബർ 1-ാം തീയതി മുതൽ നടപ്പിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

3. ചില പരസ്യങ്ങളും ഉത്തരവുകളും മറ്റും സാധുവാക്കൽ.—ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിയിലോ, ഡിക്രിയിലോ, ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും,—

(എ) പ്രധാന ആക്റ്റ്, 5-ാം വകുപ്പ്, (vii)-ാം ഖണ്ഡത്താൽ തങ്ങൾക്ക് നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് ഗവണ്മെന്റ് 1957 സെപ്റ്റംബർ 28-ാം തീയതിയിലോ അതിനുശേഷമോ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ പരസ്യങ്ങളും ഈ ആക്റ്റുമൂലം ഭേദഗതി ചെയ്ത പ്രധാന ആക്റ്റ് പ്രകാരം, മേൽപ്പറഞ്ഞ പരസ്യങ്ങൾ പുറപ്പെടുവിച്ച അതാതു തീയതികളിൽ പുറപ്പെടുവിച്ചതായി കരുതേണ്ടതാണ്.

എന്നാൽ 1957 സെപ്റ്റംബർ 28-ാം തീയതിയിലെ H1-10674/57/R. D. 2. II-ാം നമ്പർ പരസ്യം 1957 ഒക്ടോബർ 1-ാം തീയതി പുറപ്പെടുവിച്ചതായി കരുതേണ്ടതാണ്;

(ബി) പ്രധാന ആക്റ്റ് 5-ാം വകുപ്പ്, (vii)-ാം ഖണ്ഡപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പരസ്യങ്ങളനുസരിച്ച് ചുമത്തിയതോ, കണക്കാക്കിയതോ, പിരിച്ചതോ ആയ എല്ലാ നികുതികളും, എല്ലാ ആവശ്യങ്ങൾക്കുമായി സാധുവാംവണ്ണം ചുമത്തുകയോ കണക്കാക്കുകയോ പിരിക്കുകയോ ചെയ്തതായും, എപ്പോഴും അങ്ങനെ ചുമത്തുകയോ കണക്കാക്കുകയോ പിരിക്കുകയോ ചെയ്തതായും കരുതേണ്ടതാകുന്നു.

(സി) പ്രധാന ആക്റ്റ് 5-ാം വകുപ്പ്, (vii)-ാം ഖണ്ഡപ്രകാരം പുറപ്പെടുവിച്ച പരസ്യങ്ങളനുസരിച്ച് ഏതെങ്കിലും ഉദ്യോഗസ്ഥനോ, അധികാരസ്ഥനോ, ട്രിബ്യൂണലോ എടുത്തിട്ടുള്ള എല്ലാ നടപടികളും, പാസ്സാക്കിയ എല്ലാ ഉത്തരവുകളും, ചെയ്ത എല്ലാ പ്രവൃത്തികളും എല്ലാ ആവശ്യങ്ങൾക്കുമായി സാധുവാംവണ്ണം എടുക്കുകയോ പാസ്സാക്കുകയോ ചെയ്യുകയോ ചെയ്തതായും, എപ്പോഴും അങ്ങിനെ എടുക്കുകയോ പാസ്സാക്കുകയോ ചെയ്യുകയോ ചെയ്തതായും കരുതേണ്ടതും അങ്ങനെയുള്ള എല്ലാ നടപടികളും, ഉത്തരവുകളും, പ്രവൃത്തികളും, അവ ഏതേതു പരസ്യങ്ങളനുസരിച്ച് എടുക്കുകയോ പാസ്സാക്കുകയോ ചെയ്യുകയോ ചെയ്തുവോ ആ പരസ്യങ്ങൾ ഈ ആക്റ്റുമൂലം ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രധാന ആക്റ്റ്, 5-ാം വകുപ്പ്, (vii)-ാം ഖണ്ഡപ്രകാരം പുറപ്പെടുവിച്ചിരുന്നാലെന്നപോലെ ഇരിക്കുന്നതുമാണ്.

എന്നാൽ ഈ ആക്റ്റിലുള്ള യാതൊന്നും, ഗസറ്റിൽ ഈ ആക്റ്റ് പ്രസിദ്ധപ്പെടുത്തുന്ന തീയതിക്കുമുൻപ്, വല്ല ആളും ചെയ്തതോ ചെയ്യുവാൻ വീഴ്ച ചെയ്തതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ചുള്ള ഒരു കുറ്റത്തിന്, അപ്രകാരമുള്ള പ്രവൃത്തിയോ വീഴ്ചയോ ഈ ആക്റ്റിലെ വ്യവസ്ഥകളുടെ അഭാവത്തിൽ മേൽപ്പറഞ്ഞ തീയതിയിൽ പ്രധാന ആക്റ്റ് പ്രകാരം ഒരു കുറ്റമല്ലായിരുന്നുവെങ്കിൽ, കുറ്റം സ്ഥാപിക്കപ്പെടുന്നതിന് ആരെയും വിധേയനാക്കിത്തീർക്കുന്നതല്ല.

4. റദ്ദാക്കൽ.—1960-ലെ പൊതു വില്പനനികുതി (ഭേദഗതി) ഓർഡിനൻസ് (1960-ലെ 1-ാം ഓർഡിനൻസ്) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

ഉദ്ദേശ കാരണങ്ങളുടെ വിവരണം.—1125-ലെ പൊതു വില്പനനികുതി ആക്റ്റ്, 5-ാം വകുപ്പ് (vii)-ാം ഖണ്ഡം, 1-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള സാധനങ്ങളുടെ വില്പനയ്ക്ക് തുടർച്ചയായുള്ള വ്യാപാരികൾ നടത്തുന്ന വില്പനയുടെ പരമ്പരയെ സംബന്ധിച്ചിടത്തോളം ഗസറ്റിൽ പരസ്യം മൂലം ഗവണ്മെന്റ് പ്രത്യേകം പറയുന്ന ഒരൊററ ഘട്ടത്തിൽ മാത്രമേ നികുതി ചുമത്തുവാൻ പാടുള്ളുവെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഈ ഖണ്ഡമനുസരിച്ച് 3-ാം വകുപ്പ് പ്രകാരം നികുതി ചുമത്തുന്നതിൽ നിന്നും ഒഴിവാക്കപ്പെടാത്ത ഒരു വ്യാപാരി, ഈ സംസ്ഥാനത്തു വച്ചു നടത്തുന്ന ഒടുവിലത്തെ ക്രയം, പട്ടികയിൽ പറഞ്ഞിട്ടുള്ള ചില സാധനങ്ങളെ സംബന്ധിച്ചിടത്തോളം നികുതിക്ക് വിധേയമായ ഘട്ടമെന്നു പറഞ്ഞുകൊണ്ട് ഗവണ്മെന്റ് പരസ്യം പുറപ്പെടുവിക്കുകയുണ്ടായി.

1957 സെപ്റ്റംബർ 26-ാം തീയതി പുറപ്പെടുവിക്കപ്പെട്ട അപ്രകാരമുള്ള പരസ്യത്തിന്റെ സാധുത, 1959-ലെ 12-ാം നമ്പർ ഒ. പി. യിൽ ഹൈക്കോടതി മുൻപാകെ ചോദ്യം ചെയ്യപ്പെടുകയും, നികുതി ചുമത്തലിന് വിധേയമാക്കേണ്ട ഒറ്റ വില്പന സംഖ്യ വ്യാപാരികൾ സാധനങ്ങൾ വാങ്ങുകയോ വില്ക്കുകയോ ചെയ്യുന്ന തുക ആയിരിക്കണമോ എന്നുള്ളത് നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങളനുസരിച്ച് തീരുമാനിക്കേണ്ടതാണെന്ന് ഹൈക്കോടതി വിധിക്കുകയും ചെയ്തു. ചട്ടം ഇല്ലാതിരുന്നാൽ ഹർജിക്കാരൻ സാധനങ്ങൾ വാങ്ങിയ തുകയിന്മേൽ നികുതി ചുമത്താൻ സംസ്ഥാനത്തിന് കഴിവുണ്ടാകില്ലെന്നും സാധുവായ യാതൊരു വ്യവസ്ഥയും ഇല്ലെന്നുകൂടി വിധിക്കപ്പെട്ടു. ക്രയത്തിന്റെ ഏതെങ്കിലും ഒരു ഘട്ടത്തിൽ നികുതിക്ക് വിധേയമാണെന്ന് 5-ാം വകുപ്പ് (vii)-ാം ഖണ്ഡപ്രകാരം പരസ്യം ചെയ്യപ്പെട്ട സാധനങ്ങളെ സംബന്ധിച്ചിടത്തോളം ഒരു വ്യാപാരിയുടെ ആകെയുള്ള ഒറ്റത്ത വില്പന സംഖ്യ അയാൾ ഏത് തുകകൾക്ക് സാധനങ്ങൾ വാങ്ങിയോ ആ തുകകൾ ആയിരിക്കണമെന്ന് ആക്റ്റ പ്രകാരം പുറപ്പെടുവിക്കപ്പെട്ട ചട്ടങ്ങളിലെ 4-ാം ചട്ടം (2) എന്ന ഉപചട്ടം വ്യവസ്ഥ ചെയ്യുന്നു.

എന്നാൽ, ഈ ചട്ടം പരസ്യത്തെ ആശ്രയിച്ച് ഉണ്ടാക്കിയിരിക്കുന്നതാണെന്നും പരസ്യം തന്നെ 5 (vii)-ാം വകുപ്പ് നൽകുന്ന അധികാരത്തിൽ കവിഞ്ഞുള്ളതാണെന്നും ഹൈക്കോടതി വിധിച്ചു. അപ്രകാരം ഹർജി അനുവദിക്കുകയുണ്ടായി.

ഈ വിധി നിമിത്തം ചില സാധനങ്ങളുടെ കാര്യത്തിൽ വില്പനനികുതി ചുമത്തുകയും പിരിക്കുകയും ചെയ്യുന്നതിനുള്ള ഇടം നൽകാൻ നിവൃത്തിയില്ല. ഇത് സംസ്ഥാനത്തിന്റെ മുതലെടുപ്പിനെ ബാധിക്കുന്നതായതുകൊണ്ട്, 1125-ലെ പൊതു വില്പനനികുതി ആക്റ്റ് ഭേദഗതി ചെയ്യുന്നതിനും, മുകളിൽ പറഞ്ഞ പരസ്യങ്ങളും അപ്രകാരമുള്ള പരസ്യങ്ങളനുസരിച്ച് എടുത്ത നടപടികളും പുറപ്പെടുവിച്ചുകഴിഞ്ഞ ഉത്തരവുകളും സാധുവാക്കുന്നതിനും 24-2-1960-ൽ ഗവർണർ ഒരു ആർഡിനൻസ് വിളംബരം ചെയ്തു.

ആ ആർഡിനൻസിനു പകരം നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുവാനാണ് ഈ ബിൽ കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്.

ആർ. ശങ്കർ

(A true translation)

P. DAMODARAN NAIR,
Head Translator.

Kerala Gazette No. 13 dated 29th March 1960.

PART II

1960-ലെ 2-ാം നമ്പർ എൽ. എ. ബിൽ.

പരസ്യം.

നമ്പർ 799/എൽ. എ. 4/60. 1960 മാർച്ച് 14.

അസംബ്ലിയുടെ നടപടിക്രമവും, കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 73-ാം ചട്ടപ്രകാരം, താഴെപ്പറയുന്ന ബിൽ ഉദ്ദേശകാരണങ്ങളുടെ വിവരണത്തോടുകൂടി, സ്പീക്കറുടെ ആജ്ഞാനുസരണം പ്രസിദ്ധപ്പെടുത്തുന്നു.

ഡി. തിരുമല അയ്യങ്കാർ,
സെക്രട്ടറി,
ലെജിസ്ലേറ്റീവ് അസംബ്ലി.

ലെജിസ്ലേച്ചർ സെക്രട്ടറിയേററ്,
തിരുവനന്തപുരം.

1960-ലെ കേരള സംസ്ഥാന കൈത്തറി നെയ്ത്തുകാർ സഹകരണസംഘം (പ്രത്യേക വ്യവസ്ഥ) ബിൽ.

കേരളസംസ്ഥാന കൈത്തറിനെയ്ത്തുകാർ സഹകരണസംഘം രൂപവൽക്കരിക്കുന്നതിന് പ്രത്യേക വ്യവസ്ഥകൾ ഉണ്ടാക്കുന്നതിനുള്ള ബിൽ.

പീഠിക — കേരളസംസ്ഥാന കൈത്തറിനെയ്ത്തുകാർ സഹകരണസംഘം രൂപവൽക്കരിക്കുന്നതിന് പ്രത്യേക വ്യവസ്ഥകൾ ഉണ്ടാക്കുന്നതു ആവശ്യമായിരിക്കുന്നതിനാൽ,

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ പതിനൊന്നാം വർഷത്തിൽ താഴെ കാണും പ്രകാരം നിയമമുണ്ടാക്കിയിരിക്കുന്നു:—

1. ചുരുക്കപ്പേര്, വ്യാപ്തി, ആരംഭം.—(1) ഈ ആക്ററിനു 1960-ലെ കേരളസംസ്ഥാന കൈത്തറിനെയ്ത്തുകാർ സഹകരണസംഘം (പ്രത്യേക വ്യവസ്ഥ) ആക്ററ് എന്നു പേർ പറയാം.

(2) ഇതു കേരളസംസ്ഥാനത്തിനു മുഴുവൻ സംബന്ധിക്കുന്നതാണ്.

(3) ഗസററിൽ പരസ്യംമൂലം ഗവൺമെൻറ് നിശ്ചയിക്കുന്ന തീയതിക്ക് ഇതു നടപ്പിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്ററിൽ,—

(1) "മദിരാശി ആക്ററ്" എന്നതിനു മലബാറിൽ നടപ്പിലിരിക്കുന്ന പ്രകാരമുള്ള, 1932-ലെ മദിരാശി സഹകരണസംഘം ആക്ററ് എന്നർത്ഥമാകുന്നു.

(2) "മലബാർ" എന്നതിനു 1956-ലെ സംസ്ഥാന പുനഃസംഘടനാ ആക്ററ് (1956-ലെ 37-ാം കേന്ദ്ര ആക്ററ്) 5-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട മലബാർ ജില്ല എന്നർത്ഥമാകുന്നു.

(3) "തിരുവിതാംകൂർ-കൊച്ചി ആക്ററ്" എന്നതിനു 1951-ലെ തിരുവിതാംകൂർ-കൊച്ചി സഹകരണസംഘം ആക്ററ് എന്നർത്ഥമാകുന്നു.

3. കേരളസംസ്ഥാന കൈത്തറിനെയ്ത്തുകാർ സഹകരണ (അപെക്സ്) സംഘം രൂപവൽക്കരിക്കൽ.— മദിരാശി ആക്ററിലോ, തിരുവിതാംകൂർ-കൊച്ചി ആക്ററിലോ എന്തുതന്നെ അടങ്ങിയിരുന്നാലും,—

(1) കോഴിക്കോട്ടെ കേരള കൈത്തറിനെയ്ത്തുകാർ സഹകരണ കയററുമതിവ്യാപാര സംഘം ക്ലിപ്തം എന്ന സംഘവും, കൊച്ചി കേന്ദ്രസഹകരണ വിപണനസംഘം ക്ലിപ്തം നമ്പർ 401, തൃശ്ശൂർ എന്ന സംഘവും, ശ്രീമൂലം കൈത്തറിനെയ്ത്തുകാർ കേന്ദ്രസഹകരണസംഘം ക്ലിപ്തം നമ്പർ 508, തിരുവനന്തപുരം എന്ന സംഘവും കോഴിക്കോട്ടെ കേരള തിരുവിതാംകൂർ-കൊച്ചി കൈത്തറിനെയ്ത്തുകാർ സഹകരണസംഘം,

ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സഹകരണസംഘം ആയിരുന്നാലെന്നപോലെ, തിരുവിതാംകൂർ-കൊച്ചി ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ച് മറ്റൊരു സംഘവുമായി സംയോജിക്കുന്നതിന് നിയമാനുസൃതമായിരിക്കുന്നതാണ്;

(2) (1)-ാം ഖണ്ഡത്തിൽ പരാമർശിക്കപ്പെട്ട മൂന്നു സഹകരണസംഘങ്ങളുടെ സംയോജനംമൂലം ഉത്ഭൂതമാകുന്ന സഹകരണസംഘം തിരുവിതാംകൂർ-കൊച്ചി ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സഹകരണസംഘമായി കരുതപ്പെടേണ്ടതും, ഇതിനുശേഷം അപ്പക്സ് സംഘം എന്നു പറയപ്പെടുന്ന കേരളസംസ്ഥാന കൈത്തറിനെയ്ത്തുകാർ സഹകരണസംഘം എന്ന് അതിന് പേർ പറയേണ്ടതുമാകുന്നു;

(3) അപ്പക്സ് സംഘത്തിന്റെ പ്രവർത്തനപ്രദേശം കേരളസംസ്ഥാനം മുഴുവൻ ആയിരിക്കുന്നതാണ്;

(4) മദിരാശി ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടതോ, രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ ആയതും, പ്രവർത്തനപ്രദേശം മലബാറിലുള്ളതുമായ ഏതെങ്കിലും കൈത്തറിനെയ്ത്തുകാർ സഹകരണസംഘത്തിന്, അങ്ങനെയുള്ള കൈത്തറിനെയ്ത്തുകാർ സഹകരണസംഘം തിരുവിതാംകൂർ-കൊച്ചി ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സഹകരണസംഘം ആയിരുന്നാലെന്നപോലെ, തിരുവിതാംകൂർ-കൊച്ചി ആക്റ്റിലെ വ്യവസ്ഥകളും അതുപ്രകാരമുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളും, അപ്പക്സ് സംഘത്തിന്റെ ഉപനിയമങ്ങളും അനുസരിച്ചും അവയ്ക്കു വിധേയമായും, അപ്പക്സ് സംഘത്തിലെ അംഗമായിത്തീരുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

(5) മദിരാശി ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടതോ, രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഒരു കൈത്തറിനെയ്ത്തുകാർ സഹകരണസംഘം, (1)-ാം ഖണ്ഡത്തിൽ പരാമർശിക്കപ്പെട്ട സംഘങ്ങളുടെ സംയോജനഫലമായോ മറ്റുപ്രകാരത്തിലോ, അപ്പക്സ് സംഘത്തിലെ അംഗമായിത്തീർന്നാൽ, ആ അംഗസംഘത്തിന് അങ്ങനെയുള്ള അംഗമെന്ന നിലയിലുള്ള അവകാശങ്ങളും ബാദ്ധ്യതകളും, അപ്പക്സ് സംഘത്തിന് അങ്ങനെയുള്ള അംഗസംഘത്തോടുള്ള ബന്ധം സംബന്ധിച്ച അവകാശങ്ങളും ബാദ്ധ്യതകളും തിരുവിതാംകൂർ-കൊച്ചി ആക്റ്റിലെ വ്യവസ്ഥകളും, അതുപ്രകാരമുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളും, അപ്പക്സ് സംഘത്തിന്റെ ഉപനിയമങ്ങളും സംബന്ധിക്കുന്നതും, മേല്പറഞ്ഞ ആവശ്യങ്ങൾക്കായി തിരുവിതാംകൂർ-കൊച്ചി ആക്റ്റ്, കേരള സംസ്ഥാനത്തിനു മുഴുവൻ സംബന്ധിക്കുന്നതായി കരുതപ്പെടേണ്ടതുമാകുന്നു.

4 ചില സംഗതികളിൽ മദിരാശി ആക്റ്റിലെ വ്യവസ്ഥകൾ സംബന്ധിക്കുന്നതാണെന്ന്.— 3-ാം വകുപ്പിൽ മറ്റു പ്രകാരത്തിൽ വ്യവസ്ഥ ചെയ്തിരിക്കുംപ്രകാരമൊഴികെ, 3-ാം വകുപ്പ് (4)-ാം ഖണ്ഡപ്രകാരം അപ്പക്സ് സംഘത്തിലെ അംഗമായിത്തീരുന്ന സംഘത്തിന്റെ അവകാശങ്ങളും ബാദ്ധ്യതകളും മദിരാശി ആക്റ്റിലെ വ്യവസ്ഥകളും, അതുപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളും, ആ സംഘത്തിന്റെ ഉപനിയമങ്ങളും തുടർന്നു സംബന്ധിക്കുന്നതാണ്.

ഉദ്ദേശകാരണങ്ങളുടെ വിവരണം.

സംസ്ഥാനവ്യാപകമായി കൈത്തറിനെയ്ത്തുകാരുടെ ഒരു അപ്പക്സ് സഹകരണസംഘം രൂപവൽക്കരിക്കാൻ ഉദ്ദേശിക്കുന്നു. ഇപ്പോൾ മൂന്നു കേന്ദ്രസംഘങ്ങളുണ്ട്; അതായത്, കേരള കൈത്തറിനെയ്ത്തുകാർ സഹകരണസംഘം, ക്ലിപ്തം, കോഴിക്കോട്; കൊച്ചി കേന്ദ്രസഹകരണ കുടിൽവ്യവസായ വിപണനസംഘം, ക്ലിപ്തം, നമ്പർ 401, തൃശ്ശൂർ; തിരുവിതാംകൂർ ശ്രീമൂലം കൈത്തറിനെയ്ത്തുകാർ സഹകരണസംഘം, ക്ലിപ്തം, നമ്പർ 508, തിരുവനന്തപുരം. ഇവ യഥാക്രമം മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നീ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്നു. മേല്പറഞ്ഞ മൂന്നു സംഘങ്ങളെയും സംയോജിപ്പിച്ച് ഒരു അപ്പക്സ് സംഘം രൂപവൽക്കരിക്കാൻ ഉദ്ദേശിക്കുന്നു. പ്രസ്ത

സംഘങ്ങളിൽ ഒന്നിലധികം ഒരേസമയം തിരുവിതാംകൂർ-കൊച്ചി ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സംഘങ്ങളും, ആപ്ലിക്കേഷൻ മദിരാശി ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സംഘവും ആയിരിക്കുന്നതിനാൽ, മേല്പറഞ്ഞ ആക്റ്റുകളുടെ വ്യവസ്ഥകൾ പ്രകാരം സംയോജനം നടത്തുവാൻ സാദ്ധ്യമല്ല. അതിനാൽ വ്യത്യസ്തങ്ങളായ ആക്റ്റുകൾ പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സംഘങ്ങളുടെ സംയോജനത്തിന് പ്രത്യേക വ്യവസ്ഥ ഉണ്ടാക്കേണ്ടിയിരിക്കുന്നു.

മേല്പറഞ്ഞ മൂന്നു സംഘങ്ങൾക്കും തിരുവിതാംകൂർ-കൊച്ചി സഹകരണ സംഘ ആക്റ്റിലെ വ്യവസ്ഥകളനുസരിച്ച് ഒരൊറ്റ സംഘമായി സംയോജിക്കാവുന്നതാണെന്ന് ബിൽ വ്യവസ്ഥചെയ്യുന്നു.

അപെക്സ് സംഘം, തിരുവിതാംകൂർ-കൊച്ചി സഹകരണസംഘ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സംഘമായി കണക്കാക്കപ്പെടേണ്ടതാണെന്നിരുന്നാലും, മദിരാശി സഹകരണസംഘആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടതോ ചെയ്യപ്പെടുന്നതോ ആയ ഏതെങ്കിലും മലബാറിലെ നായ്ക്കുകാർ സഹകരണസംഘത്തിന് അപെക്സ് സംഘത്തിലെ അംഗമായിത്തീരാവുന്നതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അങ്ങനെയുള്ള ഒരു അംഗസംഘത്തിന് അങ്ങനെയുള്ള അംഗമെന്ന നിലയിലുള്ള അവകാശങ്ങളും ബാദ്ധ്യതകളും, അപെക്സ് സംഘത്തിന് അങ്ങനെയുള്ള അംഗസംഘവുമായുള്ള ബന്ധം സംബന്ധിച്ച അവകാശങ്ങളും ബാദ്ധ്യതകളും തിരുവിതാംകൂർ-കൊച്ചി ആക്റ്റിലെ വ്യവസ്ഥകൾ സംബന്ധിക്കുന്നതും എന്നാൽ അംഗസംഘത്തിന്റെ അവകാശങ്ങളും ബാദ്ധ്യതകളും അതു അതിലെ അംഗങ്ങളെ സംബന്ധിക്കുന്നിടത്തോളം, മദിരാശി ആക്റ്റ് മാത്രം സംബന്ധിക്കുന്നതാകുന്നു. അപെക്സ് സംഘത്തിലെ അംഗമായിരിക്കുന്നതും, തിരുവിതാംകൂർ-കൊച്ചി ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടതുമായ സഹകരണസംഘത്തിന്റെ അവകാശങ്ങളും ബാദ്ധ്യതകളും തിരുവിതാംകൂർ-കൊച്ചി ആക്റ്റിലെ നിലവിലുള്ള വ്യവസ്ഥകൾ സംബന്ധിക്കുന്നതുകൊണ്ട് അങ്ങനെ സംഘങ്ങൾക്ക് പ്രത്യേക വ്യവസ്ഥയൊന്നും ചെയ്തിട്ടില്ല.

അപെക്സ് സംഘം അടുത്തുതന്നെ പ്രവർത്തിക്കേണ്ടത് ആവശ്യമാണെന്ന് കരുതുന്നു. ഈ ലക്ഷ്യം നടപ്പിൽ വരുത്തുന്നതിനാണ് ബിൽ കൊണ്ടു ഉദ്ദേശിക്കുന്നത്.

കെ. എ. ദാമോദരമേനോൻ.

(A true translation)

P. Damodaran Nair,
Head Translator

Kerala Gazette No. 13 dated 29th March 1960.

PART III

KERALA GOVERNMENT TECHNICAL EXAMINATIONS DECEMBER 1959

Typewriting (English)

Oral and Practical Examinations

No. C4-(Ex.) 6525|60. *24th March 1960.*

1. It is notified that the Oral and Practical Examination in Typewriting Lower and Higher Grades will be conducted as per the Time-Table given below. Only those candidates who have been declared to have passed the written test in the Examination held in December 1959 will be admitted to the Oral and Practical Examinations.

2. No separate hall tickets will be issued for the Oral and Practical Examination. The Hall tickets already issued for the written test will be utilized for identification.

3. Candidates will be examined at each centre in batches. Where the number of candidates of a particular centre has been split up in batches the candidates will take their Examination in the serial order of their Register Numbers.

4. The Examination will not be postponed even if a holiday is declared on any of the days fixed for the examination.

5. No separate intimation will be given to the candidates and they are to be guided by this notification.

6. The Time Table given below will be strictly followed.

7. Where more than one day is fixed for the examination at any centre, the number of candidates of that centre has been split into groups.

8. Any candidate who does not behave properly towards the Examiners or who is found to have taken any book, paper, documents or Memorandum of any description or who is found giving assistance or receiving any assistance or information from or communicating in any way with other candidates during the time of the Examination will be regarded as having failed in the examination and may be further debarred from appearing for any of the Examinations conducted by the Director of Public Instruction for such time as the Director thinks fit. If it is proved at any time that the Candidate had recourse to objectionable means during or before or after the examination the examination taken by him is liable to be cancelled.

9. The Candidate who may not be attending the Oral and Practical Examinations should intimate the fact sufficiently early.

Special Instructions

1. The Candidates should bring with them the particular kind of machine they used while answering the written test. At least every six candidates must have one machine made available with them.

2. Candidates should bring with them the required materials for cleaning and oiling the Typewriter machine and stationery for stencilling.

3. Candidates should provide themselves with carbon papers and required stationery for answering the question or envelop addressing and of taking carbon copies if demanded of them by the Examiners.

The duplicating machines noted below have been approved for use in connection with the K. G. T. Examinations in Typewriting—Higher Grade.

1. Multor hand feed.
2. R. R. R. No. 14, hand feed (Old R. R. R. No. 11).
3. Roneo No. 2 hand feed.
4. Roneo No. 100 self feeding.
5. Ellams D. 1. hand feed.
6. Ellams K. self feeding.
7. Roto Rotary No. 8 self feeding.
8. Gestetner No. 8 hand feed.
9. Gestetner No. 6 self feeding.
10. Gestetner No. 26 or 66 automatic.
11. Roneo No. 10 self feeding.
12. Multi print Rotary Duplicator.
13. Ellams Duplicater, B 19 Model.
14. Copygraph Duplicator.
15. Standard Model 7 Duplicator.
16. Revathy Rotary Duplicator.
17. Speed O-print Duplicator.
18. Duplex Hand operated Hand feed Model Duplicator.
19. Duplex self inking Rotary Duplicator (self feed Model).
20. Bilograph Rotary Duplicator.
21. Duplomat Rotary Duplicator.
22. Remington Rand Model No. 52 Automatic Duplicator.
23. Panthor Duplicator.

Sl. No.	Name of Centre	Day, Date and time (9 A.M. to 1 P.M. and 2 P.M. to 5.30 P.M.)		Total Nos. to be examined		No. of Candidates to be examined on each day		Register Nos. falling between	
				Lower	Higher	Lower	Higher	Lower	Higher
1	2	3		4		5		6	
1	Trivandrum	19·4·1960 20·4·1960 21·4·1960	Tuesday Wednesday Thursday	293	84	98 98 97	28 28 28	1—943	13—953
2	Attingal	19·4·1960 20·4·1960	Tuesday Wednesday	147	43	73 74	22 21	957—1479	966—1468
3	Quilon	19·4·1960 20·4·1960	Tuesday Wednesday	150	4	75 75	2 2	1486—1902	1513—1753
4	Alleppey	21·4·1960	Thursday	56	3	56	3	1908—2023A	1944—1962
5	Chengannur	19·4·1960 20·4·1960	Tuesday Wednesday	240	7	120 120	4 3	2024—2556	2195—2437
6	Kottayam	19·4·1960 20·4·1960	Tuesday Wednesday	170	21	85 85	12 11	2560—3017	2648—3018
7	Alwaye	19·4·1960 20·4·1960	Tuesday Wednesday	170	30	85 85	15 15	3037—3390	3036—3348
8	Ernakulam	19·4·1960 20·4·1960 21·4·1960	Tuesday Wednesday Thursday	341	66	114 114 113	22 22 12	3400—4391	3393—4384

Sl. No.	Name of Centre	Day, Date and time (9 A.M. to 1 P.M. and 2 P.M. to 5.30 P.M.)		Total No. to be examined		No. of Candidates to be examined on each day		Register No. falling between	
				Lower	Higher	Lower	Higher	Lower	Higher
1	2	3		4		5		6	
9	Trichur	19-4-1960 20-4-1960	Tuesday Wednesday ..	181	24	90 91	12 11	4394—4968	4412—4937
10	Kunnamkulam	19-4-1960	Tuesday	67	16	67	16	4976—5143	4987—5113
11	Palghat	21-4-1960	Thursday	83	18	83	18	5145—5371	5157—5327
12	Kozhikode	19-4-1960 20-4-1960	Tuesday Wednesday	185	50	93 92	25 25	5373—5962	5390—5963
13	Tellicherry	19-4-1960	Tuesday	96	18	96	18	5967—6242	6015—6128
14	Cannanore	21-4-1960	Thursday	73	6	73	6	6249—6441	6302—6376

Office of the Director of Public Instruction,
(Examinations Branch), Trivandrum.

P. R. VISWANATHAN NAIR,
Secretary, Board for Public Examinations.

Kerala Gazette No. 13 dated 29th March 1960.

PART III

EDUCATION DEPARTMENT

KERALA GOVERNMENT TECHNICAL EXAMINATIONS MAY 1960

NOTIFICATION

No. C4-(Ex.) 9914|60. *24th March, 1960.*

I. Kerala Government Technical Examinations (Theory part) will be held in the following subjects during May 1960. The Examinations will be held for both Grades, Lower and Higher in all the Subjects except in Typewriting High Speed.

SUBJECTS

A. *Commerce Group*:

1. Typewriting (English and Malayalam).
2. Shorthand (English and Malayalam).
3. Accountancy.
4. Theory and Practice of Commerce.
5. Banking.
6. Commercial Geography.
7. Typewriting (English—High Speed Test).

B. *Civil Engineering Group*:

1. Surveying and Levelling.
2. Earthwork and Road Making.
3. Building Materials and Construction.
4. Building Drawing and Estimating.
5. Hydraulics and Irrigation.
6. Hydraulics and Sanitary Engineering.
7. Applied Mechanics.
8. Practical Plane and Solid Geometry.
9. Mensuration.

C. *Mechanical Engineering Group*:

1. Machine Construction.
2. Machine Drawing.
3. Heat Engines.

D. *Electrical Engineering Group*:

Electric Light and Power.

E. *Craft Group*:

1. Handloom Weaving and Spinning.
2. Agriculture.

II. *Fees*.—The examination fees for each subject will be as follows:—

Lower Grade	Rs. 8
Higher Grade	Rs. 14
High Speed (Typewriting)	Rs. 15

4012 Eg.

(a) The Examination fees should be remitted in a Government Treasury under the head of account XXVI E.c. (1) and the chalan in proof of having remitted the amount, should accompany the application. In no circumstances will any fee which has been paid be refunded to the applicant or accepted as the fee for a subsequent examination.

(b) Consolidated chalan receipt will be accepted from recognised Institutions provided all the candidates take the examination at one centre and details of money paid by each candidate noting the subject and grades for which they appear, are furnished along with such consolidated chalan. Applications and other documents of each candidate should be securely fastened and such applications collected should be tagged together and forwarded to this Office address as follows:—

To

The Secretary,
Board for Public Examinations,
Trivandrum.

(c) All candidates to whatever community they belong should remit the examination fees except in the case of students belonging to Scheduled Castes, Tribes, Kudumbies, Christian converts from Scheduled Castes and Scheduled Tribes and other Backward Communities. Students belonging to other Backward Communities are exempted from examination fees subject to income limits and exemption from payment of examination fees will be granted only for the first appearance of the K. G. T. Examination.

The Heads of Institutes in which they are studying should certify that such candidates are appearing for the examination for the first time. Scheduled Castes, Scheduled Tribes, Kudumbis and Christian converts from Scheduled Caste and Scheduled tribes students appearing for the examination will be granted exemption from payment of examination fees for the two consecutive appearances. Students belonging to the above said categories including other backward communities appearing for the Examination should produce community certificates from the Thasildar of their Taluka to the effect that they belong to the above Communities.

III. Minimum qualification prescribed for admission to the various groups of the K. G. T. Examination shall be as follows:—

